പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2556      18.06.2014-ൽ മറുപടിക്ക്

## ആശുപത്രി വ്യവസായ ബന്ധ സമിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ആശുപത്രി വ്യവസായ ബന്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. 28.05.2012 -ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 799/2012/തൊഴിൽ പ്രകാരം ആശുപത്രി വ്യവസായ മേഖലയിൽ വ്യവസായ ബന്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയുടെ കാലാവധി 27.05.2014 -ൽ അവസാനിച്ചതിനാൽ പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത സമിതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) ആശുപത്രി വ്യവസായ മേഖലയിൽ തൊഴിൽ സമാധാനം നിലനിർത്തുന്നതിനായി പ്രവർത്തിക്കുക എന്നതാണ് സമിതിയുടെ പ്രധാന ലക്ഷ്യം. |
| (സി) സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ പ്രസ്തുത സമിതി രൂപീകരണം എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ; | (സി) ആശുപത്രി വ്യവസായ മേഖലയിലെ തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നിരവധി പരാതികളും സമരങ്ങളും നിലനിന്നിരുന്ന സാഹചര്യത്തിലാണ് സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതി രൂപീകരിച്ചത്. തൊഴിലാളികളും |

| | | | |
|---|---|---|---|
| | | | മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനും തൊഴിൽ പ്രശ്നങ്ങളിൽ യഥാസമയം ഇടപെട്ട് മാർഗനിർദ്ദേശങ്ങൾ നൽകി തൊഴിൽ സമാധാനം നിലനിർത്താനും സമിതിയുടെ പ്രവർത്തനം മൂലം കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സമിതി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്;<br>വിശദാംശങ്ങൾ നൽകുമോ? | (ഡി) | സർക്കാർ നിർദ്ദേശപ്രകാരം സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് മിനിമം വേതനം പുതുക്കി നിശ്ചയിച്ചത് സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയാണ്.<br>സ്വകാര്യ ആശുപത്രികളിലെ നഴ്സിംഗ് ട്രെയിനികളുടെ പരിശീലന കാലയളവും സ്റ്റൈഫന്റും സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ രൂപീകരിച്ചത് വ്യവസായ ബന്ധസമിതിയാണ്.<br>നഴ്സുമാരുടെ ജോലി സമയം സംബന്ധിച്ച് വീരകുമാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിൽ സമയം ക്രമീകരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.<br>കൂടാതെ ആശുപത്രി വ്യവസായ രംഗത്ത് ഉണ്ടാകുന്ന തൊഴിൽ സംബന്ധമായ പ്രശ്നങ്ങളിൽ അപ്പപ്പോൾ ഇടപെട്ട് പരിഹരിക്കുന്നതിനും ആശുപത്രി വ്യവസായ ബന്ധസമിതി ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ.